# ഉയിർപ്പുപെരുനാൾ

## സ്ലീബാ ആഘോഷത്തിന്റെ ക്രമം

*(രാത്രി പ്രാർത്ഥനയുടെ മൂന്നാം കൗമായുടെ അവസാനത്തിൽ ഹാലേലുയ്യായ്ക്കു മുമ്പായി പട്ടക്കാരും ശെമ്മാശന്മാരും മദ്ബഹായിൽ പ്രവേശിച്ച് അംശവസ്ത്രങ്ങൾ ധരിച്ച് ധൂപക്കുററിയുമെടുത്തുകൊണ്ട് ചെന്ന് കബറിൽനിന്ന് സ്ലീബായെടുത്ത് കബറിൽ വച്ചപ്പോഴുണ്ടായിരുന്ന വസ്ത്രങ്ങൾ നീക്കി ആഘോഷത്തിനനുയോജ്യമായ വിശിഷ്ട വസ്ത്രങ്ങൾ അണിയിക്കുന്നു. ആദൂമിൽനിന്ന് ചുവന്ന വസ്ത്രങ്ങൾ ധരിച്ചുകൊണ്ടു വരുന്ന ഇവൻ ആര് എന്നാദി യായി ഏശായാ ദീർഘദർശി പറഞ്ഞിരുന്നതനുസരിച്ച് വസ്ത്രങ്ങൾ ചുവപ്പുനിറമുള്ളവയായിരിക്കണം. അനന്തരം കുരിശു ത്രോണോസിനു മുമ്പിൽ മ്നൊർത്തോയിൽ നാട്ടി ഇരുവശവും മെഴുകുതിരികളും വച്ചശേഷം താഴെക്കാണുന്ന കുക്കിലിയോൻ മുതൽ ബോവൂസ്സോയുടെ അവസാനംവരെയുള്ളത് മദ്ബഹായിലുള്ളവർ മാത്രം രഹസ്യമായി ചൊല്ലുന്നു.)*

(കുക്കിലിയോൻ)

ദൈവമുയർത്തു വൈരിഗണം ചിതറി-ഹാ...ഉഹാ.....
എതിരാളികളോടിയൊളിക്കും-തിരുമുമ്പിൽ.

പകയന്മാർ പുകപോൽ മായും-ഹാ...ഉഹാലേ.........
കർതൃസമക്ഷം നാശം പൂകും-നീചന്മാർ

നിദ്രിതനെപ്പോൽ കർത്താവെഴുന്നേററു-ഹാ...ഉഹാ...
വീഞ്ഞു കുടിച്ചു മദം-പൂണ്ടോൻപോൽ.

പ്രഹരിച്ചോടിച്ചാൻ രിപുനിവഹത്തെ-ഹാ..ഉഹാ...
ഉലകിതിലവരെ നീ നി-ന്ദിതരാക്കി.

ബാറെക്മോർ-ശുബഹൊ-മെനഗാലം...

ദിനത്തിൻെറ അനുഗ്രഹങ്ങളും, ജഡീകവും ആത്മീയവുമായ സകല അശുദ്ധിയിൽനിന്നുമുള്ള വെൺമയും വെടിപ്പും ഞങ്ങൾക്ക് നൽകണമേ. അസൂയയും വിദ്വേഷവും ശത്രുതയും ഞങ്ങളിൽനിന്ന് നീക്കി മായിച്ചുകളയണമേ. സ്നേഹവും വെടിപ്പും വിശുദ്ധിയുംകൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. കർത്താവേ! രാജാക്കന്മാർക്ക് സമാധാനവും ഭടന്മാർക്ക് ശാന്തതയും പീഡിതർക്ക് ആശ്വാസവും ഞെരുക്കത്തിൽ സ്ഥിതിചെയ്യുന്നവർക്ക് രക്ഷയും യുവാക്കൾക്ക് പരിപാകതയും വൃദ്ധന്മാർക്ക് തുണയും വിവാഹിതർക്ക് സദാചാരവും അവിവാഹിതർക്ക് നൈർമ്മല്യവും ദയറാക്കാർക്ക് നിഷ്ക്കപടതയും നോമ്പുകാർക്ക് സഹനശക്തിയും ധനവാന്മാർക്ക് വിനയവും ദരിദ്രർക്ക് സംരക്ഷണവും ക്ഷാമപീഡിതർക്ക് സംതൃപ്തിയും രോഗികൾക്ക് സ്വസ്ഥതയും ദുർബ്ബലന്മാർക്ക് സഹായവും അനാഥർക്കും വിധവകൾക്കും സംരക്ഷണവും പാപികൾക്കും അപരാധികൾക്കും വിമോചനവും പാപപരിഹാരവും ദൂരസ്ഥർക്കു തിരിച്ചുവരവും സമീപസ്ഥർക്ക് കാവലും വിശുദ്ധ സഭയുടെ മക്കൾക്കെല്ലാം പാപപരിഹാരകരമായ നല്ല ഓർമ്മയും കൃപയോടെ നൽകണമേ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ.......ആമ്മീൻ

ദൈവത്തിൽ നിന്ന് കടങ്ങൾക്കു..........

രക്ഷയെ നൽകാൻ സുതനെവിട്ടോൻ താതൻ സ്തുത്യൻ
തേജസ്സോടക്കബറീന്നേറ്റോൻ പുത്രൻ വന്ദ്യൻ
നാശത്തീന്നും സുതനെ വീണ്ടോൻ റൂഹാസ്തോത്രം
ത്രിത്വേ ഒന്നായ് സ്ഥിതിചെയ്വോനേ! സ്തോത്രം
സ്തോത്രം.

ഭൂസ്വർഗ്ഗസ്ഥന്മാർക്കായ് ശ്ലോമ്മോ നൽകിയ നാഥാ!
ശ്ലോമ്മോ നൽകീട്ടുത്ഥാനത്താൽ സഭയെ കാക്ക.

*(അനന്തരം പ്രധാന പട്ടക്കാരൻ കുരിശു കൈയിലെടുത്തു പടിഞ്ഞാറോട്ട് തിരിഞ്ഞുനിൽക്കുകയും ഇരുവശങ്ങളിലും മെഴുകുതിരികളും മറുവഹാസാകളും പിടിക്കുകയും ചെയ്ത ശേഷം മറ വലിക്കുകയും ചെയ്തിട്ട് താഴെക്കാണുന്ന പ്രഖ്യാപനം ഉച്ചത്തിൽ ചൊല്ലുന്നു.)*

***പട്ടക്കാരൻ-*** സഹോദരന്മാരേ! ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാ! കബറിൽനിന്ന് ഉയിർത്തെഴുന്നേറ്റ് തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു.

***ജനം-*** സത്യമായിട്ട് താൻ ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു.

*(ഇങ്ങനെ മൂന്നു പ്രാവശ്യം വിളിച്ചുപറഞ്ഞശേഷം മദ്ബഹാവാതിൽക്കൽ മദ്ധ്യേയായി കുരിശ് മ്നൊർത്തോയിൽ നാട്ടി ഇരുവശവും മെഴുകുതിരികളും മറുവഹാസാകളും വച്ചിട്ട് ഹാലേലുയ്യാ ചൊല്ലി പ്രാർത്ഥന തുടരുന്നു. പ്രാർത്ഥന മുഴുവനും പൂർത്തിയാക്കി കുർബാന ചൊല്ലുന്ന പട്ടക്കാരൻ തൂയോബോയും നടത്തിയശേഷം കുരിശെടുത്ത് ത്രോണോസിന്മേൽ വച്ചുകൊണ്ട് ക്രമം ആരംഭിക്കുന്നു)*

## *പ്രാർത്ഥന*

***പട്ടക്കാരൻ-*** ശുബഹോ... ***ജനം-*** ബലഹീനരും....

ഞങ്ങളുടെ ഉദ്ധാരണത്തെപ്രതി കഷ്ടതകളും കുരിശും അനുഭവിച്ചവനും മനസ്സോടെ മരിച്ച് ഞങ്ങളുടെ മരണാവസ്ഥയെ ര[illegible]ുവനും കബറിൽനിന്നെഴുന്നേററ് തന്നോടുകൂടെ ഞങ്ങളെ പുനരുത്ഥാനം ചെയ്യിച്ചവനും ആയ മിശിഹാതമ്പുരാനേ! നിൻെറ മഹനീയമായ പുനരുത്ഥാനപ്പെരുന്നാളിൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. നിൻെറ നിരപ്പും സമാധാനവും ഞങ്ങളിൽ വസിപ്പിക്കണമേ. നിൻെറ മഹാകരുണയാൽ ഞങ്ങളെ ദർശിക്കണമേ. ദയാപൂർവം ഞങ്ങളുടെ വേദനകളെയും രോഗങ്ങളെയും ശമിപ്പിക്കണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! നിൻെറ പെരുന്നാളിനെ ആനന്ദപൂർവം ഞങ്ങൾ ആഘോഷിക്കത്തക്കവണ്ണം എല്ലാവിധ ശിക്ഷകളിൽനിന്നും കോപവടികളിൽനിന്നും മനസ്സലിവോടുകൂടെ ഞങ്ങളെ സംരക്ഷിച്ചുകൊള്ളണമേ. മോറാൻ....

ദൈവമേ! നിൻെറ കൃപയിൻപ്രകാരം....പേജ് 4

(എനിയോനൊ-അത്ത്ദ്ബക്യെംതൊ)

മോദം ഭൂസ്വർഗ്ഗങ്ങൾ-ക്കുത്ഥാനത്താൽ ചേ-ർത്തോ-നേ!
മോ-ദം നൽകി-സഭയേ സ്ലീബായാൽ കാത്ത്-
ദേവേശാ! ദയചെയ്തീടേണം.

ലജ്ജിതരായ് കുരിശിച്ചോർ-നമ്പിയൊരന്യർക്കാ-ന-ന്ദം
ഉ-ത്ഥാനത്തിൽ-സഭയും സുതരും പാടുന്നു-ദേവേ...

യൂദജനം ഖേദിപ്പൂ-ശിഷ്യകളാനന്ദി-ക്കു-ന്നു
ദൂ-തൊടുശിഷ്യർ-സന്ദർശിക്കുന്നന്യോന്യം-ദേവേ...

ഉത്ഥാനത്താൽ മോദം-ഖേദം പൂകിയ ശി-ഷ്യ-ർക്കും
ശ്ലോ-മ്മോ വിൺമൺ-ലോകർക്കും ദാനംചെയ്ത-ദേ...

പരിമളമത്തിരു-മെയ്യിൽ-പൂശാൻ പോയൊരുന-ല്ലാർ-തൻ
ഉൾക്കാമ്പുകളെ മോദംകൊണ്ടു നിറച്ചോനേ! ദേ...

ഉത്ഥിതനായ് ഗുരുമുമ്പേ-പോയി ഗലീലെയ്ക്കെന്നോ-തിൻ
പ്രേ-ഷിതരോടെ-ന്നംഗനമാരൊടു കൽപ്പിച്ച-ദേവേ....

നാഥാ! നിൻ ശ്ലോമ്മോയാൽ-ഞങ്ങൾക്കേുക-സന്തോ-ഷം
ചേ-ർക്കുകവലമായ്-ഞങ്ങളെ നിന്നുത്ഥാനത്തിൽ-ദേ...
ബാറെക്മോർ-ശുബഹൊ-മെനഓലം...

ഉത്ഥാനപ്പെരുന്നാളിൽ-മോദിപ്പിച്ചോനേ!-താ-താ!
സൂ-നോ! വിമലൻ-റൂഹാ! സ്തുതി ഹാലേലുയ്യാ-ദേവേശാ...
സ്തൗമെൻകാലോസ്...

## *പ്രുമിയോൻ*

കോപിച്ചിരുന്നവരെ രമ്യമാക്കുവാൻവേണ്ടി അയയ്ക്കപ്പെട്ട പിതാവിൻെറ സമാധാനവും ഭിന്നിച്ചിരിക്കുന്നവരെ സംയോജിപ്പിച്ച മാർഗ്ഗദർശകമായ ശാന്തിയും മനുഷ്യസ്നേഹത്തോടെ സ്വർഗത്തിൽ നിന്നിറങ്ങിവന്ന് ആന്തരിക

സർപ്പത്താൽ നിർമിതമായിരുന്ന ശത്രുതയുടെ വേലി പൊളിച്ചു കളഞ്ഞവനും "എൻെറ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു, എൻെറ സമാധാനം ഞാൻ നിങ്ങൾക്കായി പ്രദാനം ചെയ്യുന്നു" എന്നു ശിഷ്യന്മാരോടു കൽപ്പിച്ചവനും, ശുദ്ധിമതികളെയും ശിഷ്യന്മാരെയും തൻെറ സമാധാനംമൂലം സന്തോഷിപ്പിച്ച് തൻെറ പുനരുത്ഥാനസമാധാനവും നിരപ്പും ശിഷ്യന്മാരോടറിയിപ്പാൻ അവരോട് കൽപ്പിച്ചവനും തൻെറ പുനരുത്ഥാനത്താൽ മേലുള്ളവരുടെയും താഴെയുള്ളവരുടെയും ഇടയിൽ സമാധാനം വിതച്ച് തൻെറ ഉയിർപ്പുമൂലം അവിശ്വാസികളെ ലജ്ജിപ്പിക്കുകയും ശിഷ്യരെ സന്തോഷിപ്പിക്കുകയും ചെയ്തവനും ആയ കർത്താവിന് സ്തുതി. ജീവദായകമായ നിൻെറ പുനരുത്ഥാനത്തിൻെറ ഈ വിശുദ്ധ പെരുന്നാൾ ദിനത്തിൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിൻെറ സമാധാനം ഞങ്ങളുടെ പള്ളികളിലും നിൻെറ നിരപ്പ് ഞങ്ങളുടെ ദയറാകളിലും സ്ഥാപിക്കണമേ. നാശകരമായ കലഹവും വിദ്വേഷവും ഞങ്ങളിൽനിന്ന് ദൂരീകരിക്കണമേ. വിശുദ്ധാത്മചുംബനംമൂലം ഞങ്ങൾ പരസ്പരം സമാധാനം നൽകുവാൻ ഇടയാക്കണമേ. ഞങ്ങൾ സമാധാനസന്താനങ്ങളും സമാധാനപ്രിയരും ആയി ഭവിക്കുമാറാകണമേ. ഈ സമയത്തും..........നിനക്ക് സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ബ്കുൽഹുൻ...

നിൻെറ പുനരുത്ഥാനത്തെക്കുറിച്ചുള്ള അവരുടെ വിചാരങ്ങളെ ഉറപ്പിച്ചു. നിൻെറ സമാധാനംഅവരുടെ ഹൃദയങ്ങളിൽനിന്ന് സകല സംശയത്തെയും ബഹിഷ്ക്കരിച്ചു. മാളികയിൽവച്ചുണ്ടായ അവരുടെ ദുഃഖത്തെ നിൻെറ സമാധാനം നീക്കിക്കളഞ്ഞു. നിൻെറ സമാധാനം അവരുടെ പലായനത്തെ ഏകസംഘമായി സമ്മേളിപ്പിച്ചു. നിൻെറ സമാധാനം ഒളിവിടങ്ങളിൽനിന്ന് അവരെ വെളിക്കു വരുത്തി. നിൻെറ സമാധാനം സുവിശേഷത്തെക്കുറിച്ച് അവർക്ക് ധൈര്യം നൽകി. വൃക്ഷത്തെ കാവൽ ചെയ്യുന്നതിനായി ചുററിത്തിരിഞ്ഞുകൊണ്ടിരുന്ന അഗ്നിഖഡ്ഗത്തെ നിൻെറ സമാധാനം അഴിച്ചുകളഞ്ഞു. വിഗ്രഹങ്ങളുടെ മുമ്പിൽ ബലിയും വധവും നടത്തിയിരുന്ന വാളിനെ നിൻെറ സമാധാനം മനുഷ്യവർഗത്തിൻെറ മുഖത്തുനിന്ന് കണ്ണീരു തുടച്ചുകളഞ്ഞു. നിൻെറ സമാധാനം ഭൂതലത്തെ ഒന്നാകെ സന്തോഷസംപൂർണമാക്കി. ഉന്നതത്തെയും ആഴത്തെയും അവയിലുള്ള സകലത്തെയും നിരപ്പാക്കിയ പിതാവിൻെറ സമാധാനമായ കർത്താവേ! നിൻെറ പുനരുത്ഥാനത്തിൻെറ ഈ വിശുദ്ധ ദിനത്തിൽ വിശുദ്ധാത്മാവിൻെറ തിളപ്പോടുകൂടി പരിശുദ്ധ ചുംബനംമൂലം അന്യോന്യം ആലിംഗനം ചെയ്യുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ. അതുമൂലം ദുർവികാരഭരിതമല്ലാത്ത ആത്മീയ ഐക്യത്താൽ ഞങ്ങൾ നിന്നോടും പരസ്പരവും ബന്ധിക്കപ്പെടുമാറാകണമേ. നീമൂലം ഞങ്ങൾക്ക്

ആത്മീയസ്നേഹംകൊണ്ട് അവരെ പ്രശോഭിപ്പിക്കണമേ. നിൻെറ സമാധാനം സത്യവി ശ്വാസത്താൽ അവരെ പൂർത്തീകരിക്കണമേ. നിൻെറ സമാധാനം സദാചാരങ്ങൾമൂലം അവരെ ശ്രേഷ്ഠരാക്കണമേ. നിൻെറ സമാധാനം അവരെ വിനീതാത്മാവ് ധരിപ്പിക്കണമേ. നിൻെറ സമാധാനം ശാന്തതയും ദയവുംകൊണ്ട് അവരെ നിറയ്ക്കണമേ. നിൻെറ സമാധാനം അവരെ നിൻെറ ജീവപ്രദമായ കൽപ്പനകൾ അനുഷ്ഠിക്കുന്നവരാക്കിത്തീർക്കണമേ. നിൻെറ സമാധാനം സകലവിധ വിദ്വേഷത്തിൽനിന്നും വഞ്ചനയിൽനിന്നും അവരെ നിർമലീകരിക്കണമേ. നിൻെറ സമാധാനം എല്ലാവിധ മുഖസ്തുതിയിൽനിന്നും അവരെ സ്വതന്ത്രരാക്കണമേ. നിൻെറ സമാധാനം അവരിൽനിന്ന് ശത്രുതയും വിദ്വേഷവും മായിച്ചുകളയുകയും തർക്കവും കലഹവും ദൂരീകരിക്കുകയും ചെയ്യണമേ. നിൻെറ സമാധാനം അവരിൽ നിന്ന് കലഹങ്ങളും കോപവും ശമിപ്പിക്കുകയും ഭിന്നതകളും ഛിദ്രങ്ങളും പരിഹരിക്കുകയും ചെയ്യണമേ. നിൻെറ സമാധാനം അവരിൽനിന്ന് യുദ്ധങ്ങളും കലഹങ്ങളും അകററിക്കളയണമേ. നിൻെറ സമാ ധാനം സ്നേഹവും ദയവുംകൊണ്ട് അവരെ നിറയ്ക്കണമേ. സമാധാനസ്ഥിരതയാലും സുകൃതങ്ങളാകുന്ന മധുരഫലങ്ങളുടെ പൂർണതയാലും അവരെ അലങ്കരിച്ച് നിനക്ക് നിർമലമായ വിശുദ്ധാലയങ്ങളായിത്തീരുവാൻ അവർക്ക് യോഗ്യത നൽകണമേ.

(കൂക്കോയൊ)

ശ്ലോമ്മോ ശ്ലോമ്മോ സവിധകരേ! ദൂരസ്ഥന്മാരേ!
മശിഹായുത്ഥിതനൊന്നിച്ചു-ചിതറിപ്പോയോരെ
തോമ്മാശ്ലീഹാ-വിശ്വാസം പൂണ്ടു
സ്ഥിരനായ് ശീമോൻ-മാലഖിലം മാഞ്ഞു
മൌലി മറച്ചു കയ്യാപ്പാ-സംഘം കേഴുന്നു
സഭയും മറിയാമും പ്രിയരും-സ്തുതി പാടീടുന്നു
ഹാലേലുയ്യാ-ഉഹാലേലുയ്യാ...

ബാറെക്മോർ-ശുബഹൊ

ഉത്ഥാനദിനേ സൌധത്തിൽ-കൽപ്പിച്ചാൻ നാഥൻ
ശിഷ്യന്മാരൊടു വത്സലരേ!- ശ്ലോമ്മോ എന്നേവം
അഴലും വ്യഥയും-പാടെ മായിച്ചു
ശമമൊടു ശാന്തി-നൽകീ പരിപൂർണ്ണം
അരുളിച്ചെയ്താൻ നിങ്ങളിലീ-ശ്ലോമ്മോ വാഴട്ടെ
ദുഷ്ടനിൽനിന്നും രക്ഷിതരാ-മതിനാൽ ദിനരാത്രം.
ഹാലേലുയ്യാ....ഉഹാലേലുയ്യാ...

*(ഇവിടെ സ്ലീബാ, ഏവൻഗേലിയോൻ, കുട, കൊടി ആദിയായവയോടുകൂടി വടക്കേ വാതിൽവഴി ഇറങ്ങി പ്രദക്ഷിണം നടത്തി തെക്കേ വാതിൽവഴി പ്രവേശിക്കുന്നു)*

## *പ്രദക്ഷിണ ഗീതം*

(കുംപെൌലോസ്)

ഓ മറിയാമേ! ഞാൻ-തോട്ടക്കാ-രൻ തന്നെ
ഞാൻ പറുദീസായേ-സ്ഥാപിച്ചോൽ ശ്രേ-ഷ്ഠൻ
ഓ മറിയാമേ!ഞാൻ-ജീവികൾ തൻ-ജീവൻതാൻ
പുനരുജ്ജീവനമോ-ടെഴുനേൽപും ഞാൻ-ത്താൻ

ഞാൻ കൊ-ല്ലപ്പെട്ടോൻ
ഞാൻ ക-ല്ലറയാർന്നോൻ
തൊട്ടീ-ടരുതേ, ഞാൻ
താതാ-ന്തിക മേറീട്ടില്ല.

മഹിമയൊടക്കബറീ-ന്നെഴുന്നേറ്റേ-നെന്നേവം
ശിഷ്യന്മാരോടായ്-നീ സുവിശേഷി-ക്ക.

*(പള്ളിയിൽ പ്രവേശിച്ചയുടനെ വായനകൾ)*

(സൂമ്മോറൊ)

നാഥാ! പരിശുദ്ധന്മാ-ർ തൻ
സഭയിൽ വാനിടമങ്ങ-യുടെ
വിസ്മയകരമാം കാര്യ-ങ്ങൾ
സാക്ഷിക്കും വിശ്വാസ-മതും
സ്വർഗ്ഗോപരിയാം സ്വർഗ-ത്തിൽ
കർത്താവിനു സന്നിഭനേ-വൻ
ദൂതരിലാരുണ്ടവനു-സമൻ
പാവനസഭയിൽ ഞാനെ-ന്നും
വാഴ്ത്തും കർത്താവിൻ കൃ-പയെ
ഘോഷിച്ചിടുമെന്നെന്നേ-ക്കും
വിശ്വാസത്തെയെൻവദനം-ഹാലേലൂയ്യാ.

ലേവ്യാ 23: 26-32.
മീഖാ 7: 8-13
ഏശായാ 57:19-20 60:17-22

1 പത്രോസ് 5:4-14
റോമർ 10:1-27

(പെത്ഗോമൊ)

ഹാലേ...ഉഹാലേ...വാനാനന്ദിക്കും ക്ഷിതി സന്തോ
ഷിക്കും-മശിഹാരാജാവിന്നുത്ഥാനത്തിൽ-ഹാലേ...

## *ഏവൻഗേലിയോൻ*

യോഹ 13: 34-35, 14:27. 15:11-15, 17-19

"അന്യോന്യം സ്നേഹിപ്പിൻ" എന്നൊരു പുതിയ കൽപ്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ച പ്രകാരംതന്നെ നിങ്ങളും പരസ്പരം സ്നേഹിക്കണം. പരസ്പര സ്നേഹം നിങ്ങളിൽ ഉണ്ടായിരിക്കുമെങ്കിൽ അതുകൊണ്ട് നിങ്ങളെന്റെ ശിഷ്യന്മാരാകുന്നു എന്ന് എല്ലാവരും അറിയും. ഞാൻ നിങ്ങൾക്കായി സമാധാനത്തെ വിട്ടിരിക്കുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങൾക്ക് തരുന്നത് ലോകം നൽകുന്നതുപോലെയല്ല. നിങ്ങളുടെ ഹൃദയം ചലിക്കരുത്. ഭയപ്പെടുകയുമരുത്. ❖എന്റെ സന്തോഷം നിങ്ങളിലിരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണമാകുവാനും ആയിട്ട് ഞാൻ ഇതുകളെ നിങ്ങളോട് പറഞ്ഞിരിക്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്നുള്ളതാകുന്നു എന്റെ കൽപ്പന. ഒരുവൻ തന്റെ സ്നേഹിതന്മാർക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നതിനേക്കാൾ വലുതായിട്ടുള്ള സ്നേഹമില്ല. ഞാൻ നിങ്ങളോട് കൽപ്പിക്കുന്നതെല്ലാം നിങ്ങൾ പ്രവർത്തിച്ചാൽ നിങ്ങൾ എന്റെ സ്നേഹിതന്മാരായിരിക്കും. ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്ന് വിളിക്കുന്നില്ല. എന്തെന്നാൽ ദാസൻ തന്റെ യജമാനൻ എന്തുചെയ്‌വാൻ പോകുന്നു എന്നറിയുന്നില്ല. എന്നാൽ ഞാൻ എന്റെ പിതാവിൽനിന്ന് കേട്ടതെല്ലാം

നിൻെറ സ്ലീബായാൽ ഞങ്ങളെ കാത്തുകൊള്ളണമേ. ഞങ്ങൾ നിന്നെയും നിൻെറ പിതാവിനെയും വിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകണമേ. ഹോശെ...

(മസ്അക്കോനൂസൊ)

നാഥാ! കരുണാസാഗരമേ!
പുനരുത്ഥാനപ്പെരുന്നാളിൽ
നിൻമാനത്തിനു യോഗ്യമതാം
വചനങ്ങളെ ഞാൻ പാടീടും
നിൻസ്ലീബായാൽ രക്ഷിതരാം
പുറജാതികളിപ്പെരുന്നാളിൽ
സ്തുതിയാൽ നിന്നെക്കീർത്തിക്കും
ഞങ്ങളുമർത്ഥിച്ചോ-തുന്നു.

കുറിയെ...കുറിയെ...കുറിയെ...

## *പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട്*

ഞങ്ങളുടെ മിശിഹാതമ്പുരാനേ! നിൻെറ പുനരുത്ഥാനത്തിൽ ഞങ്ങൾ സന്തോഷിച്ച് ആഹ്ളാദിച്ച് ആനന്ദിക്കുന്നു. നിൻെറ നിരപ്പും സമാധാനവും ഞങ്ങളിൽ വാഴുമാറാകണമേ. നിൻെറ സ്നേഹവും പ്രീതിയും ഞങ്ങളിൽ വസിപ്പിക്കണമേ. നിൻെറ സ്ലീബായെ വന്ദിക്കുവാനും നിൻെറ പുനരുത്ഥാനത്തെ ഏററുപറയുവാനും ഞങ്ങൾക്ക് കൃപ നൽകണമേ. ഞങ്ങളെയും ഞങ്ങളുടെ മരിച്ചുപോയവരെയും നിൻെറ രാജ്യത്തിൽ ആനന്ദിപ്പിക്കണമേ. ഞങ്ങളുടെ കർത്താവും നിത്യ ദൈവവുമേ! നിൻെറ കർതൃത്വത്തെ ഞങ്ങൾ സ്തുതിക്കുമാറാകണമേ. മോറാൻ...

(മസ്അക്കോനൂസൊ)

ഉത്ഥാനത്തിൻ പരമാർത്ഥം
ബോധപ്പെട്ടെല്ലാവർക്കും
എങ്കിലുമതിലാമൂഢജനം
ഹന്തനിഷേധമുയർത്തുന്നു
യൂദജനത്താൽ ക്രൂശിതനോ
മഹിമയൊടാക്കബറീന്നേറി
പ്രാർത്ഥനയോടധുനാ ഞങ്ങൾ
അർത്ഥിച്ചീവിധമോ-തുന്നു.

കുറിയെ...കുറിയെ...കുറിയെ...

## *വടക്കോട്ട് തിരിഞ്ഞുകൊണ്ട്*

ദൈവമായ കർത്താവേ! നിന്റെ സ്ലീബായുടെ പാർശ്വങ്ങളിൽ മറയ്ക്കപ്പെടുവാനും നിന്റെ പുനരുത്ഥാനത്തിൽ സദൃശ്യരായിത്തീരുവാനും നിന്റെ ഉയിർപ്പിൽ വിശ്വസിക്കുവാനും നിന്റെ ഏവൻഗേലിയോനിലെ കൽപ്പനകളെ ആചരിക്കുവാനും നിന്റെ ഇഷ്ടം പ്രവർത്തിക്കുവാനും നിന്റെ ന്യായപ്രമാണം അനുഷ്ഠിക്കുവാനും നിന്നെ സ്നേഹിച്ചവരായ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും പ്രാർത്ഥനകളിൽ അഭയം പ്രാപിച്ച് സഹായം ലഭിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. അവരുടെ അപേക്ഷമൂലം ഞങ്ങൾക്കും ഞങ്ങളുടെ പരേതർക്കും പാപപരിഹാരം നൽകണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തോത്രം ചെയ്യുമാറാകണമേ. ഹോശൊ...

(മസ്അക്കോനൂസൊ)

കർത്താവേ! നിൻജനതതിമേ-
ലാർദ്രതകാണിച്ചീടണമേ
താവകമാമവകാശത്തിൽ
ലേശമജാഗ്രത കാട്ടരുതേ.
നിൻ സ്ലീബായിൻ വൻകൊടിയാൽ
ക്രൈസ്തവമകുടമുയർത്തണമേ
പ്രാർത്ഥനയോടധുനാ ഞങ്ങൾ
അർത്ഥിച്ചീവിധമോ-തുന്നു.

കുറിയെ...കുറിയെ...കുറിയെ...

## *തെക്കോട്ട് തിരിഞ്ഞുകൊണ്ട്*

ദൈവമായ കർത്താവേ! മൂന്നാം ദിവസമുള്ള നിന്റെ പുനരുത്ഥാനത്തിന്റെ ഈ ദിവസത്തെ സ്വർഗീയ സൈന്യങ്ങളോടൊരുമിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ആനന്ദപൂർവ്വം നിന്റെ പെരുന്നാളുകൾ കൊണ്ടാടി നിന്നിൽനിന്ന് നന്മകളും അനുഗ്രഹങ്ങളും പ്രാപിക്കുവാനും ഞങ്ങളെ അർഹരാക്കണമേ. നിന്റെ വിശുദ്ധ സ്ലീബായാലും വിശുദ്ധന്മാരിൽ വസിച്ചിരിക്കുന്ന നിന്റെ ശക്തിയാലും കോപത്തിന്റെ വടികളും സകല ശിക്ഷകളും ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ. ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും വിശുദ്ധ റൂഹായെയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിച്ച് സ്തോത്രം ചെയ്യുമാറാകണമേ. ഹോശൊ...

(മസ്അക്കോനൂസൊ)

പീഡിതനും രോഗാർത്തന്നും
സാധുവിനും ധനഹീനന്നും
ഗതിയറ്റോനും വിധവയ്ക്കും
തുണയായ് നാഥൻ മേന്മയെഴും

തൻശാന്തിയെയീ ജനതയിലും
സഭയിതിലും നിവസിപ്പിക്കാൻ
പ്രാർത്ഥനയോടധുനാ ഞങ്ങൾ
അർത്ഥിച്ചീവിധമോതുന്നു.

കുറിയെ...കുറിയെ..കുറിയെ...

## ഹൗദ് മാലാഖേ

### *കിഴക്കുവശത്തേക്ക്*

*പട്ടക്കാരൻ-* ദൂതന്മാർ സേ-വിപ്പോനേ!
*ജനം-* ഈശാ! നീ പരിശുദ്ധൻ.
ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ശക്താ! നീ പരിശുദ്ധൻ.
സ്രാപ്പികൾ കാദീ-ശാർപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ.
പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ഞങ്ങൾക്കായ് പുനരുത്ഥിതനേ! കൃപചെയ്യേണം.

### *പടിഞ്ഞാറു വശത്തേക്ക്*

തീമയർഹാലൽ-ചൊൽവോനേ!
ഈശാ! നീ പരിശുദ്ധൻ.
ആത്മീയർ ശ്ലാ-ഘിപ്പോനേ!
ശക്താ! നീ പരിശുദ്ധൻ.
മൺമയരാഘോ-ഷിപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ.
വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു
ഞങ്ങൾക്കായ് പുനരുത്ഥിതനേ! കൃപചെയ്യേണം.

### *വടക്കുവശത്തേക്ക്*

മേലുള്ളോർ മാ-നിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ.
മധ്യമർ കീർത്തി-ക്കുന്നോനേ!
ശക്താ! നീ പരിശുദ്ധൻ.

കീഴുള്ളോർ കൂ-പ്പുന്നോനേ!

മൃതിഹീനാ! നീ പരിശുദ്ധൻ.

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു

ഞങ്ങൾക്കായ് പുനരുത്ഥിതനേ! കൃപചെയ്യേണം.

## *തെക്കുവശത്തേക്ക്*

നാഥാ! കൃപചെയ്തീടേണം

നാഥാ! കൃപ ചെയ്യുക കനിവാൽ

നാഥാ! കർമ്മാർത്ഥനകളെ നീ

കൈക്കൊണ്ടും കൃപചെയ്തീടേണം

ദേവേശാ! തേ സ്തോത്രം

സ്രഷ്ടാവേ! തേ സ്തോത്രം.

പാപികളാം ദാസരിലലിയും മിശിഹാ

രാജാവേ! സ്തോത്രം. ബാറെക്മോർ.

*പട്ടക്കാരൻ-* സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ....

*(അനന്തരം മദ്ബഹായിൽ പ്രവേശിച്ച് കുരിശു ത്രോണോസിന്മേൽ വച്ചശേഷം പട്ടക്കാരെല്ലാവരും ഓരോരുത്തരായി ആദ്യം ത്രോണോസും പിന്നെ കുരിശും ഏവൻ ഗേലിയോനും മുത്തി പരസ്പരം സമാധാനം കൊടുക്കണം. ആ സമയത്ത് താഴെകാണുന്ന ഗീതം ചൊല്ലണം.)*

(ബ്സപ്പറൊ ഹസാവുയ്)

ശ്ലോമ്മോ-ബലിവേദി! സ്ലീബാ!

ശ്ലോമ്മോ-നിർമ്മലമാം-കബറേ!

ശ്ലോമ്മോ-ഏവൻഗേ-ല്യോനേ!

ശുദ്ധ-ന്മാരേ! വൈദികരേ!

ശ്ലോമ്മോ-ശെമ്മാശന്മാരേ!

സഭ ത-ന്നാത്മജരേ! ശ്ലോമ്മോ.

ഞങ്ങൾ-ക്കുളവായീടട്ടേ
നാഥാ! രക്ഷകനേ! മിശിഹാ
നിൻ ശ്ലോ-മ്മോയും ശൈ-നോയും
തമ്മിൽ-ചുംബിക്ക-ട്ടെങ്ങൾ
എങ്ങും-ലോകാന്ത്യത്തോളം
നിൻ ശ്ലോമ്മോ വാണീ-ടട്ടെ

ശുശ്രൂ-ഷകരേ! ജനമേ! കേൾ
പരിശു-ദ്ധാചാര്യ-ന്മാരേ!
ശുദ്ധ-ന്മാർ തൻവാ-ഴ് വേൽപ്പിൻ
ശ്ലോമ്മോ-യന്യോന്യം-നൽകിൻ
വാസം-ചെയ്തീടട്ടെന്നും
കർത്താ-വിൻ ശ്ലോമ്മോ-നമ്മിൽ.

നല്ലു-ത്ഥാനത്തിൻ നാളോ
ടായുഷ്-ക്കാലത്തെ-ന്നാളും
ഞങ്ങൾ-ക്കുളവായീ-ടട്ടെ
താതൻ-ദൈവത്തിൻ-ശൈനോ
ഏകൻ പുത്രൻ തൻ ശ്ലോമ്മോ
ശുദ്ധാ-ത്മാവിന്നാ-വാസം

ദയറാ-ദേവാഗാരങ്ങൾ-
ക്കീശാ-കാവൽ നിൻ ശാന്തി
സ്ലീബാ-യാൽ ശുദ്ധ-ത നൽകി
പ്പെരുന്നാ-ളിൽ മോദി-പ്പിക്ക
നിൻശ്ലോ-മ്മോയും ശൈനോയും
ഞങ്ങൾ സഹിതം വാ-ഴട്ടെ

*(മദ്ബഹായിലുള്ളവരെല്ലാവരും സമാധാനം നൽകിയ ശേഷം കുരിശെടുത്ത് മദ്ബഹാ വാതിൽക്കൽ വയ്ക്കുകയും അപ്പോൾ ജനങ്ങളെല്ലാവരും കുരിശുമുത്തി സമാധാനം കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ താഴെകാണുന്ന ഗീതം ചൊല്ലുന്നു)*

(ഹദൌആമ്മെ)

ജാതികളെ!-മോദിപ്പിൻ-മറിയാമോ-തി
താതനെയാ-ർന്നെൻതനയൻ-കബറീന്നേ-റി.

ദ്യുതിസുതരേ!-ദ്യുതിസുതരേ! ദ്യുതിയാസ-ന്നം
പാരൊളിയാം-പകലിതിനെ-സ്തോത്രം ചെ-യ്‌വിൻ

ഉപഗതമാ-യുത്ഥാനം-ശിഷ്യന്മാ-രേ!
കരയായ്‌വിൻ-കരയായ്‌വിൻ-ഗുരുവെഴുന്നേ-ററു

പ്രഭകണ്ടി-ട്ടാരെന്നവളാരായു-ന്നു
ഇതു ഞാൻ താ-നെന്നവളെ-ബോധിപ്പിച്ചാൻ.

മറിയാം താനുൻമുഖിയായ്-നിലകൊള്ളു-ന്നോൾ
വെളിവാകാ-ൻ-വരുമവനെ-കണ്ടാളാദ്യം

ഉഴറിച്ചെ-ന്നറിയിപ്പിൻ-ശ്ലീഹന്മാ-രെ
ഉയിരാർന്നേ-നുയിരാർന്നേൻ-പതറീടേ-ണ്ടാ

ഗുരുവുയിരാർ-ന്നെന്നൊരുനൽ-ദൂതേകീ-ടിൻ
നൽപകലിൽ-ഭാഗ്യമെഴും-ശ്ലീഹന്മാ-ർക്കായ്.

മൃതിപുരിയെ-പ്പാഴാക്കിയ-മൃതനായോൻ-താൻ
മണവറയിൽ-ദൂതരിതാ-വെള്ളങ്കി-ക്കാർ.

തോഷമൊട-പ്രേഷിതരോ-ടോതി-സ്ത്രീകൾ
ധീരതയൊടു-മേവിൻ-ഗുരു ജീവൻ നേടി.

ശീമോനേ! -വീക്ഷിക്കുക-പരമോത്ഥാനം
അവനെയേ-ററിക്ഷിതിയിൽ-നീ സാക്ഷി-ക്ക-

സുതനുയിർപൂ-ണ്ടീഹൂദാ-മൃതനായ് താ-നേ
കയ്യാപ്പാ-തലതാഴ്ത്തി-ഹന്നാൻ വെ-മ്പി

വാനവരാ-വനിതകളോ-ടറിയിക്കു-ന്നു
മണവാളൻ-മൃതിപുരിയീന്നുയിരാർന്നേ-റി.

പാഞ്ഞൊളിവിൽ-പോയൊരെ-മിഴിനീർ നീ-ക്കിൻ
ഗുരുവുയിരാ-ർന്നുന്നമനം-മൌലിക്കേ-കിൻ.

വൻപ്രഭയാൽ-കാവൽക്കാർ-വിറയൽ പൂണ്ടു
നിരനിരയായ്-ദൂതൻമാർ-സത്യം പാ-ടി.

പ്രഭനിശയേ-ബന്ധിച്ചു-പുലർ കാല-ത്തിൽ
പ്രഭയുദയം-ചെയ്തതിനാ-ലിരുൾ-മായുന്നു.

നിദ്രയ്ക്കായ്-വീരൻ മൃതി-ലോകം പൂകി
മതിയാകാ-ഞ്ഞുണർവാർന്ന-പ്പുരിധൂളി-ച്ചാൻ.

മിശിഹായാം-പൊൻപുലരീ!-സ്തോത്രം സ്തോത്രം
സ്തോത്രം തേ-താത വിശു-ദ്ധാത്മാവിന്നും.

# സ്വർഗ്ഗാരോഹണപെരുന്നാൾ

## സ്ലീബാആഘോഷം

*(കുർബാന സമയത്ത് ബസ്മൽക്കൊയുടെ ശേഷം മ്നൊർത്തൊയിൽനിന്ന് കുരിശെടുത്തുകൊണ്ട് എല്ലാവരുംകൂടിപള്ളിക്കു ചുററും ആഘോഷപൂർവം സ്ലീബായുടെ എക്ക്ബോകളൊ കോലൊകളൊ ചൊല്ലിക്കൊണ്ട് ഒരു പ്രദക്ഷിണം നടത്തിയശേഷം മദ്ബഹായിലൊ ബീമായിലൊ നിന്നുകൊണ്ട് സ്ലീബാ ആഘോഷം നടത്തുന്നു)*

### *കിഴക്കോട്ട് തിരിഞ്ഞുകൊണ്ട് പ്രാർഥന*

ശുബഹോ...........ബലഹീനരും

തൻെറ വധത്താൽ മേലുള്ളവർക്ക് ശാന്തിനൽകിയ സമാധാവും തൻെറ ബലി സമർപ്പണത്താൽ താഴെയുള്ളവരെ ശ്ലാഘ്യമാക്കിയ നിരപ്പും തൻെറ സ്ലീബായാൽ വിജാതിയരെ രക്ഷിച്ച രക്ഷിതാവും തൻെറ പുനരുത്ഥാനത്താൽ ഭിന്നിച്ചിരുന്നവരെ സംയോജിപ്പിച്ച സ്നേഹവും ആയ കർത്താവേ! നിൻെറ സ്വർഗ്ഗാരോഹണ ദിവസത്തിൽ ഭൂതലത്തിലെ കലഹത്തെ ശമിപ്പിക്കണമേ. എല്ലാവിധ ഉപദ്രവങ്ങളിൽ